## എ. അബ്ദുൽഹമീദ് ആലപ്പുഴ

**തെക്കൻ** കേരളത്തിലെ ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനും ആലപ്പുഴ മർക്കസുൽ ഉലൂമിൽ ഇസ്‌ലാമിയ്യ ട്രസ്റ്റ് സ്ഥാപകനുമായ എ. അബ്ദുൽഹമീദ് സാഹിബ് അല്ലാഹുവിലേക്ക് യാത്രയായി.



ആദ്യകാലങ്ങളിൽതന്നെ ജമാഅത്തിൽ അംഗത്വമെടുത്തു. തെക്കൻ ജില്ലകളിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചു. കേരളത്തിലെ അറിയപ്പെടുന്ന വ്യവസായ പ്രമുഖനായിരുന്ന അദ്ദേഹം മുസ്‌ലിംലീഗിന്റെ നേതൃപദവിയിൽനിന്നാണ് ഇസ്‌ലാമിക പ്രസ്ഥാനത്തിലേക്ക് കടന്നുവന്നത്. ഇസ്സുദ്ദീൻ മൗലവി, കെ.സി അബ്ദുല്ല മൗലവി തുടങ്ങിയ ആദ്യകാല നേതാക്കളുമായി സഹവസിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന അദ്ദേഹത്തെ കെ.ടി അബ്ദുർറഹീം സാഹിബ്, മൊയ്തുമൗലവി എന്നിവരുടെ ഓർമക്കുറിപ്പുകളിൽ അനുസ്മരിച്ചിട്ടുണ്ട്. ആദ്യകാല നേതാക്കളുടെ ഇടത്താവളമായിരുന്നു ഹമീദ് സാഹിബിന്റെ വസതി. ആലപ്പുഴ പ്രാദേശിക ജമാഅത്തിന്റെ ആദ്യകാല അമീറായിരുന്ന അദ്ദേഹം മരണദിവസവും പ്രാദേശിക ജമാഅത്ത് യോഗത്തിൽ പങ്കെടുത്തിരുന്നു. മൂന്ന് ആൺമക്കളും ഒമ്പത് പെൺമക്കളുമുണ്ട്.

**ടി.കെ സെയ്തുമുഹമ്മദ്**

## സി.കെ മൊയ്തുഹാജി

**പിണങ്ങോട്** മഹല്ല് കാരണവരും ദീർഘകാലം ജമാഅത്തെ ഇസ്‌ലാമി പിണങ്ങോട് ഹൽഖാ നാസിമുമായിരുന്നു സി.കെ മൊയ്തുഹാജി. മർഹൂം വി.പി



ഇസ്മാഈൽ ഹാജിയോടൊപ്പം ചേർന്ന് വയനാട്ടിൽ പ്രസ്ഥാന വളർച്ചയിൽ നിർണായക പങ്കുവഹിച്ചു. പിണങ്ങോട് ഇസ്‌ലാമിയാ കോളേജ് സ്ഥാപിക്കുന്നതിൽ മൊയ്തുഹാജി മുൻപന്തിയിലുണ്ടായിരുന്നു. പിണങ്ങോട് കേന്ദ്രീകരിച്ച് ജമാഅത്തിന് ഒരു മഹല്ല് സംവിധാനം രൂപപ്പെടുത്തുന്നതിലും മദ്‌റസ സ്ഥാപിക്കുന്നതിലും മുൻകൈയെടുത്തു. പ്രസ്ഥാനത്തിന് പിണങ്ങോട് പ്രദേശത്ത് ഓഫീസ് ഉണ്ടാക്കാൻ അദ്ദേഹം ഭൂമി വഖ്ഫ് ചെയ്യുകയുണ്ടായി. ഐഡിയൽ ചാരിറ്റബ്ൾ ട്രസ്റ്റ്, ഇസ്‌ലാമിയാ കോളേജ് മാനേജിംഗ് കമ്മിറ്റി, സകാത്ത് കമ്മിറ്റി, പലിശരഹിതനിധി, ജമാഅത്തുൽ ഇസ്‌ലാം മഹല്ലുകമ്മിറ്റി എന്നിവയുടെ നേതൃനിരയിൽ പ്രവർത്തിച്ചു.

**കെ. നവാസ് പിണങ്ങോട്**

## പി.കെ.പി തങ്ങൾ

**മലപ്പുറം** വടക്കാങ്ങര പ്രാദേശിക ജമാഅത്ത് അംഗവും മക്കരപറമ്പ് ഹൈസ്കൂൾ റിട്ട. അറബി അധ്യാപകനുമായിരുന്നു പി.കെ പൂക്കോയതങ്ങൾ(72).



വടക്കാങ്ങര നുസ്‌റത്തുൽ അനാം ട്രസ്റ്റ് ചെയർമാൻ, വെൽഫയർ സൊസൈറ്റി അംഗം, മഹല്ല് ഖാദി, എൽ.പി സ്കൂൾ പി.ടി.എ പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഖത്വീബ് ആയിരുന്നിട്ടുണ്ട്. ഉമറാബാദിൽനിന്ന് പഠനം കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തിയ 'ബാപ്പുതങ്ങൾ' മർഹൂം കെ. അബ്ദുൽഖാദിർ മൗലവിയുമായി ചേർന്ന് വടക്കാങ്ങരയിലും പരിസര പ്രദേശങ്ങളിലും ജമാഅത്തെ ഇസ്‌ലാമിക്ക് വേരോട്ടമുണ്ടാക്കുന്നതിൽ സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചു. ഭാര്യ മുത്തുബീവി.

**കെ. അബൂബക്കർ വടക്കാങ്ങര**

അല്ലാഹു പരേതർക്ക് മഗ്ഫിറത്തും മർഹമത്തും നൽകി
അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.